Talented Bankers Literary Panel
പുസ്തകപരിചയം 120

പുസ്തകം പരിചയപ്പെടുത്തുന്നത്,
നവീൻ രമണൻ, ബാങ്ക് ഓഫ് ഇന്ത്യ,
എംജി റോഡ് ശാഖ, എറണാകുളം.

സ്നേഹസംവാദം (തത്വചിന്ത ) നിത്യചൈതന്യയതി

സ്നേഹാപാതയിലൂടൊരു സംവാദ യാത്ര

ആർത്തിരമ്പുന്ന ജീവിത യാത്രയിൽ മനുഷ്യനൊന്നിനും സമയമില്ല. മുന്നോട്ട്, അതിലേറെ മുന്നോട്ട് എന്ന രീതിയിൽ കുതിക്കുമ്പോൾ നാമറിയാതെ നഷ്ടപെടുന്ന പലതുമുണ്ട്. സഹജീവി സ്നേഹം, കരുതൽ , അവനവന്റെ സമൂഹത്തിന്റെ ചരിത്ര ബോധം, പുതു തലമുറയുടെ ഉത്തരവാദിത്വങ്ങൾ, വിദ്യാഭ്യാസവും അത് വഴി ഒരു നല്ല തലമുറയെ വാർത്തെടുക്കുന്നതും തൊട്ടു പരിസര ശുചീകരണവും, അന്തഃകരണ സൗഖ്യവും വരെ വളരെ ലളിതമായി പ്രതിപാദിക്കുന്ന ഒരു കൃതി. നാം ആരാണെന്നും നമ്മുടെ സംസ്കാരം എന്തെന്നും ചൂണ്ടിക്കാട്ടുന്ന നാല് ഭാഗങ്ങൾ ആയി തിരിച്ച ഒരു ആധ്യാത്മിക ഗ്രന്ഥം എന്ന് വേണമെങ്കിൽ പറയാം.

സ്നേഹ സംവാദം എന്തെന്നുള്ള ഒന്നാമത്തെ ഭാഗം ;
മരണമില്ലാത്ത യന്ത്രങ്ങൾക്കൊന്നും പിടികൊടുക്കാത്ത ഒത്തൊരുമയുടെയും , സ്നേഹത്തിൻറെയും , രണ്ടാം ഭാഗം ;
അടിവേരുകളിലെ അറിവും, സംവാദത്തിൽ സത്യജ്ഞാനവും പിന്നെ ജീവിതത്തിലെ ലോക ദർശനവും വിശദീകരിക്കുന്ന മൂന്നാം ഭാഗവും ;
ആത്മപരിചയത്തിന്റെ , സ്നേഹത്തിന്റെ, നാടിന്റെ, അടുത്ത തലമുറയുടെ വിദ്യാഭാസത്തെ പറ്റിയുള്ള ഉൾകാഴ്ചയുടെ നാലാം ഭാഗം

മനുഷ്യ ശരീരത്തിന് രണ്ടു കരങ്ങൾ മാത്രമേ ഉള്ളുവെങ്കിലും സഹസ്രകരമായ അതിനുള്ളിലെ ആത്മാവിനെക്കുറിച്ചും , അതെ ആത്മാവ് കൊണ്ട് നമുക്ക് ചെയ്യാവുന്ന കുഞ്ഞു കാര്യങ്ങളും തുറന്നു കാട്ടി തരുന്നു ഈ കൃതി .

എന്തൊക്കെ നേടിയിട്ടും, എന്ത് പുരോഗതിയിൽ മുന്നേറിയിട്ടും ചില സമയങ്ങളിൽ മനുഷ്യൻ പിന്നിലേക്കായി പോകുന്നു. നേട്ടങ്ങൾക്ക് വിജയിയാകുമ്പോഴും മനുഷ്യൻ വിസ്മരിച്ചു പോകുന്നൊരു കാര്യമുണ്ട് . സഹജീവി സ്നേഹം. എങ്ങനെ, എന്തിനെ, എപ്പോൾ സ്നേഹിക്കണം എന്നുള്ള അറിവില്ലായ്മയോ അതോ അഹന്തതയോ ആണ് മിക്ക പ്രശ്നങ്ങൾക്കും ഹേതു .

സ്നേഹമെന്നാലെന്ത് ?
സ്നേഹം എണ്ണ പോലാണ് . അതിനി കടലാസിലോ, തുണിയിലോ വീണാൽ പടരുന്നതു പോലെ നമ്മുടെ ജീവിതത്തിലും പടരാൻ അനുവദിക്കുക. ഒട്ടൊരു പക്ഷം മനുഷ്യന്റെ ദുഖത്തിനതൊരു പരിധി വരെ തടയിടാൻ കഴിയും . ഹൃദയത്തിന്റെ ഭാഷ സ്നേഹം പോലാണ്. സ്നേഹം നടിക്കരുത് , അത് വന്നു കൊള്ളട്ടെ, അതൊരിക്കലും വരാതിരിക്കുകയുമില്ല.. ലോകത്തെവിടെയായാലും ദൈവമെന്നാൽ സ്നേഹമെന്നു ഒറ്റ വാക്കിൽ പറയാം,

സ്നേഹത്തിലൂന്നിയ സംവാദം എന്നുമെപ്പോഴും ഫലപ്രദമായ ഗുണവിശേഷങ്ങൾ ഉളവാക്കും. നമ്മെ അലട്ടുന്ന കുഞ്ഞു കുഞ്ഞു പ്രശ്നങ്ങൾ മുതൽ ലോകത്തിനാകമാനം ബാധിക്കുന്ന പലതിനെയും ഒരു നല്ല സ്നേഹ സംവാദം വഴി മറികടക്കാം . മനുഷ്യന്റെ അറിവില്ലായ്മ അല്ല പല പ്രശ്നങ്ങൾക്കും ഹേതു , മറിച്ചു അതവന്റെ അഹന്തതയാണെന്നു നിസ്സംശയം പറയാം. വെറും സംവാദം മാത്രം പ്രശ്നങ്ങൾക്ക് പരിഹാരമാകില്ല . പലപ്പോഴും, മുന്നിട്ടിറങ്ങി തീർക്കേണ്ട കാര്യങ്ങൾ കൂടി ജീവിതത്തിലുണ്ട്. മാറുന്ന കാലത്തിനനുസരിച്ചു പുതിയ ആശയങ്ങളെ സ്വീകരിക്കാനും അവ നടപ്പാക്കാനും നമ്മൾ തുനിയണം . ഒരു നല്ല കാര്യം ചെയുമ്പോൾ നമുക്ക് ഭ്രാന്താണെന്ന് പറയുന്ന സമൂഹമാണ് ചുറ്റും. പക്ഷെ നാമത് ചെയ്തു വിജയിപ്പിച്ചു കാട്ടുമ്പോൾ അതേ സമൂഹം തന്നെ ആ ഭ്രാന്തിനെ സ്നേഹിക്കുകയും കുറേക്കഴിഞ്ഞു കൂട്ടത്തോടെ അനുകരിക്കുകയും ചെയ്യും. ഇത്തരം നവീന ആശയങ്ങൾ ക്ഷമയോടെയും ആർജ്ജവത്തോടെയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിലാണ് മിടുക്ക് .

ഭൂമിയിൽ ജീവജാലങ്ങളിൽ നാളെയെ കുറിച്ചുള്ള അമിതമായ ആകാംക്ഷയുള്ളതു മനുഷ്യനായിരിക്കും. ആഹരിക്കാവുന്നതിലും അധികം സംഭരിക്കുകയും, ചില വഴിക്കാവുന്നതിലും അധികം കരുതി വയ്ക്കുകയും, സഹജീവി സ്നേഹം കുറയുകയും ചെയുമ്പോൾ അവനിൽ അസന്തുഷ്ടി കുമിഞ്ഞു തുടങ്ങുന്നു. അവയെങ്ങനെ മറി കടക്കണം എന്നറിവില്ലായ്മയിൽ നിന്നും അവന്റെ മനസന്തുഷ്ടി പതുക്കെ നഷ്ടമാകുന്നു. മനോമാന്ദ്യവും, ആകാംക്ഷയും അകാരണമായി വന്നു കൂടുന്ന ഭയസംക്രാന്തികളുമാണ് മനുഷ്യനെ ശാരീരികമല്ലാതെ രോഗഗ്രസ്തമാക്കിയിരിക്കുന്നതു.

പ്രപഞ്ച സൃഷ്ടിയുടെ കർത്തവ്യങ്ങളിൽ ഒന്നാണ് വിയോജിപ്പ് . ഏകതയിൽ തന്നെ ഭിന്നത രേഖപ്പെടുത്തിയത് കൊണ്ടാകാം സ്നേഹത്തിന്റെയും, സമാധാനത്തിന്റെയും ഐക്യത്തിന്റെയും മാർഗം നാം വിചാരിക്കുന്നത്ര സരളമല്ലാത്തത് .ആശയങ്ങൾ വ്യത്യസ്തമാകുമ്പോൾ നമുക്കതിൽ രേഖപെടുത്താം, പക്ഷെ എന്തിനതിൽ വിദ്വെഷമാകുന്നത് ? എപ്പോഴും പിൻതാങ്ങുന്നവർ മാത്രം പോരാ (അനുവാദി) നമ്മുടെ പ്രവർത്തി ശരിയല്ല എന്ന് പറയാൻ ഒരു വിവാദിയുമുണ്ടാകണം . സംവാദിയുടെ പ്രതിയോഗിയല്ല വിവാദി ; പുതിയ അനുവാദികളെ ഉണ്ടാക്കുന്നവനാണ് വിവാദി .

വിയോജിപ്പിന്റെ പ്രശ്നം നമ്മിലെല്ലാമുണ്ട്. അതിൽ, ക്ഷോഭിക്കുകയും രോക്ഷാകുലരാകുകയും ചെയ്താൽ പ്രശ്നപരിഹാരമാകില്ലല്ലോ ? പറയുവാനുള്ള കാര്യങ്ങൾ സഹനപൂർവം പറയുമ്പോൾ, കേൾവിക്കാരനതിന്റെ സത്ത ഉൾകൊള്ളുമ്പോഴാണ് ഏതൊരു സംവാദവും അതിന്റെ പൂർണതയിൽ എത്തുന്നത്. അഥവാ സ്നേഹ സംവാദമായി മാറുന്നത് . അത് തന്നെയാണ് നമ്മുടെ സമൂഹത്തിനു വേണ്ടുന്നതും. തെറ്റ് പറ്റാത്ത മനുഷ്യരില്ല. അത് എന്താണെന്നു തിരിച്ചറിഞ്ഞു മനസ്സിലും, വാക്കിലും സർവോപരി പ്രവർത്തിയിലും മാറ്റം വരുത്തുമ്പോൾ മാത്രമേ ആ തെറ്റ് തിരുത്തപ്പെടുകയുള്ളു

എങ്ങനെ ഒരു നല്ല സമൂഹത്തെ സൃഷ്ടിക്കാം എന്നുള്ളത് ഇന്നും സ്വപ്നമായി തന്നെ നില നിൽക്കുന്നു. അത് നമ്മൾ ബാല്യത്തിൽ തന്നെ നമ്മുടെ പിഞ്ചോമനകൾ വഴി തുടങ്ങാം., നല്ല വിദ്യാഭ്യാസം ഒരു നല്ല തലമുറയെ തീർച്ചയായും സൃഷ്ടിക്കും. ദൗർഭാഗ്യകരമെന്ന് പറയട്ടെ, നമ്മുടെ വിദ്യാഭ്യാസ സംബ്രദായം ഇനിയും

മെച്ചപ്പെട്ടിട്ടില്ല. ഗുരുകുല സമ്പ്രദായം ആയിരുന്നു ഒരിക്കൽ നമ്മുടെ പാരമ്പര്യം. ഇന്നിപ്പോൾ പുരോഗതിയുടെ പേരിലുള്ള പഠന രീതി പലതും തെറ്റല്ലേ ? കളിച്ചും ചിരിച്ചും നടക്കേണ്ട പൂത്തുമ്പി പോലെയുള്ള ബാല്യങ്ങളെ കൊണ്ട് നമ്മൾ കല്ലെടുപ്പിക്കുന്നു . അതവരിൽ നിന്നും ഒരു നല്ല ഭാവി പൗരനെ സൃഷ്ടിക്കില്ല. ഒരുമയും, കരുതലും, സ്നേഹവും അറിയാത്ത സ്വാർത്ഥതയുടെ ജനതയെ സൃഷ്ടിക്കാലാകുമത്.

"അക്ഷയമായി എന്നും മനുഷ്യനിൽ ജ്വലിച്ചു നിൽക്കേണ്ടുന്നതായ സത്യാഭിവാഞ്ജയും സ്നേഹ മഹിമയും അവനിൽ അവനിൽ വളർത്തേടുന്നതായ പുതിയ വിദ്യാഭ്യാസം വേണ്ടിയിരിക്കുന്നു "

സമൂഹത്തിൽ ഒരു പുതിയ മാറ്റം വരുത്തുവാൻ യുവതയ്ക്കു കഴിയും. അവരെ അതിനു പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. ആയുധമല്ല നമ്മൾ അവരുടെ കൈകളിൽ നൽകേണ്ടത്, മറിച്ചു സ്നേഹത്തിന്റെ പൂച്ചെണ്ടുകൾ ലോകമെങ്ങും വിതരണം ചെയ്യുവാൻ അവരെ പര്യാപ്തമാക്കുകയാണ് വേണ്ടത്.

ഈശ്വരൻ ഒന്നേയുള്ളൂ. നാമതിനെ വികലമാക്കി പല പേരുകളിലും, രൂപത്തിലും ആരാധിക്കുകയും അതിന്റെ പേരിൽ കലഹിച്ചു ഉള്ള സന്തോഷം കൂടി കെടുത്തുകയും ചെയുന്നു. മാനവ സേവാ മാധവ സേവാ എന്നതാണ് ഈശ്വര സമക്ഷം നൽകാവുന്ന ഏറ്റവും നല്ല അർച്ചന. ഭഗവാൻ ബുദ്ധൻ നമുക്ക് ചൊല്ലി തന്ന പ്രതിജ്ഞാ വചനങ്ങൾ ഏവർക്കും ഒരുപോലെ സ്വീകാര്യമാണ് :
“ ഒരു ജീവിയേയും വേദനിപ്പിക്കില്ല ; ദാനമായി കിട്ടുന്നതല്ലാതെ മറ്റൊന്നും ആഗ്രഹിക്കില്ല; പാഴ് വാക്കുകൾ കൊണ്ട് ഒരു നിമിഷവും മലിനമാക്കില്ല, മധു മദിരാക്ഷി എന്നിവയിൽ കുടുങ്ങി നശിക്കില്ല. ഇന്നത്തെ തലമുറയ്ക്ക് ഇത് വായിക്കുമ്പോൾ ചിരി വരും. എന്നാൽ മനുഷ്യന്റെ അസന്തുഷ്ടിക്കു ഇവയൊക്കെ കാരണഭൂതമാണെന്നു ഓർക്കുക “
മതങ്ങളുടെ പേരിൽ തമ്മിൽ സംഘർഷം ഉണ്ടാകുമ്പോഴും, അതെ മതങ്ങളുടെ പൊതു തത്വം സ്നേഹമെന്നുള്ളതാണെന്ന് അവൻ തിരിച്ചറിയാത്തതോ അതോ അവനെ തിരിച്ചറിവിന്റെ പാതയിൽ കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയും ലളിതമായി സൂചിപ്പിക്കുന്നു. ഏതു മതത്തിലുള്ളവരും മറ്റു മതത്തിലുള്ളവരുടെ പശ്ചാത്തലത്തിലാണ് ജീവിക്കുന്നത് . അപ്പോൾ പിന്നെ മറ്റു മതങ്ങളെ കൂടി നമുക്ക് ബഹുമാനിച്ചാലെന്താ ? പരസ്പര സ്നേഹവും, സഹജീവി സ്നേഹവും ഇതല്ലേ ലോകമത സാരവുമേകമാം എന്ന നമ്മുടെ പൂർവികരുടെ വാക്കിന്റെ പൊരുൾ ?
മനുഷ്യന് സംസ്കാരം ഉണ്ടാകുന്നത് അതവനിൽ കുടുംബവും സമൂഹവും വളർത്തിയെടുക്കുമ്പോഴാണ് . നാം ബോധവത്കരണം നടത്തേണ്ടത് തന്നതാൻ ചെയ്യാണ് . സദ് പ്രവർത്തിയും, ഹൃദയത്തിൽ നിന്നും വരുന്ന വാക്കുകളും ഒരാളെ മാത്രമല്ല , അയാൾക്കൊപ്പമുള്ളവരെ കൂടി സ്വാധീനിക്കും . എന്നുമുറങ്ങുമ്പോൾ സമാധാനത്തോടെ ഉറങ്ങാൻ കഴിയുന്നതിലും പുണ്യം മറ്റെന്തിനുണ്ട് ?
സ്വന്തം ജീവിതത്തിന്റെ പൂർണമായ ഉത്തരവാദിത്വം ഏറ്റെടുക്കുക, ജീവിതം നിറഞ്ഞ സന്തോഷം ഉള്ളതാകും .
ഇതൊക്കെയാണെങ്കിലും , ഒരു സമൂഹത്തിൽ ജീവിക്കുമ്പോൾ നാം നമ്മുടെ അടിവേരുകളിൽ അറിവു തേടുകയും കൂടി വേണം . നമ്മുടെ ചരിത്രം, പൂരവികരുടെ സദു പ്രവർത്തി ഇവയൊക്കെ അറിയേണ്ട കടമ നമുക്കുണ്ട്, വിഷലിപ്തമായ പുരാണങ്ങൾ നാം ത്യജിക്കേണ്ടതുമാണ്. അധിനിവേശങ്ങൾ പലതും മറികടന്ന ഒരു ജനതയാണ് നമ്മുടേത്, പലതും പടയോട്ടങ്ങളിൽ

നശിക്കുകയും, നശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും നല്ലൊരു ബൃഹത്തായ പാരമ്പര്യം പേറുന്ന ജനതയാണ് നമ്മുടേത്. മോഹൻ ജെദാരോ, ഹാരപ്പ തുടങ്ങി ഇന്തോനേഷ്യയിലെ സുമാത്രയിലും പിന്നെ ശ്രീലങ്കയിലുമൊക്കെ പരന്നു കിടന്ന ഒരു ജനസംസ്കാരഭൂവിലെ കണ്ണികളാണ് നമ്മൾ ഭാരതീയർ.

ഈയൊരു ചരിത്ര ബോധം വിസ്മരിക്കാതെ തന്നെ നാം ഭാരതത്തിന്റെ ഹൃദയം കൂടി കണ്ടെത്തേണം ; പ്രത്യേകിച്ചും നമ്മുടെ യുവത . നമ്മുടെ ചരിത്രം രാജ്യത്തിന്റെ ഭൂമിശാസ്ത്രത്തെ കൂടി ഉൾപ്പെടുത്തിയാണ് എന്നും വളർന്നിട്ടുള്ളത് . അവയൊക്കെ വികസനം എന്ന പേരിൽ പലരുടെയും അത്യാർത്തിക്കു ഇടിച്ചു നിരത്തുമ്പോൾ നാമത് എതിർത്തേ പറ്റൂ . കാരണം അടുത്ത തലമുറയ്ക്ക് കൂടിയുള്ളതാണീ മനോഹര ഭൂമിയിലെ വിഭവങ്ങളൊക്കെ .

നാം എന്തൊക്കെയാണ് ജീവിതത്തിൽ പഠിക്കേണ്ടതും , പകർത്തേണ്ടതും .

ഉൾക്കാഴ്ചയുടെ അടിവേരുകളാണ് നമ്മുടെ പൂർവികർ ഏൽപ്പിച്ചു തന്നത് . അതൊക്കെ ഛിന്ന ഭിന്നമാകാതെ കെട്ടുറപ്പും, ഒത്തൊരുമയുമുള്ളൊരു സമൂഹത്തെ സൃഷ്ടിക്കാനുള്ളതാണെന്ന ബോധം എപ്പോഴും ഉണ്ടാകേണം

ഒരുവന്റെ വ്യക്തിമുദ്ര ഇരിക്കുന്നത്. വിരലിൽ മാത്രമല്ല സർവോപരി അതവന്റെ ജീവിത വീക്ഷണത്തിലും ,ചിന്താഗതിയിലും,സത്യദർശനത്തിലും , മൂല്യ നിർണയത്തിലുമുണ്ട് . ആ തിരിച്ചറിവാണവനെ മറ്റൊന്നിൽ നിന്നും വ്യത്യസ്തമാക്കുന്നതും , മൂല്യ ബോധമുള്ള ഒരുത്തമ പൗരനായി സഹജീവി സ്നേഹത്തോടെ ഈ ഭൂമിയിൽ നിവസിക്കാൻ കഴിയുമാറാക്കുന്നതും.. ഒരാളുടെ ഉണ്മയെ ജീവിത കാലത്തു നില നിർത്തുന്നത് അയാളുടെ രൂപം, നാമം,പിണ്ഡം, അന്തഃകരണം , പെരുമാറ്റം എന്നി അഞ്ചു ഘടകങ്ങൾ ആണല്ലോ ? അതിൽ മനസ്സ്, പിത്തം, ബുദ്ധി, അഹങ്കാരം എന്നീ നാല് അന്തഃകരണ വൃത്തികൾ ആദ്യം തന്നെ നിന്ന് പോകുന്നു . പിന്നീട് നിലനിൽക്കുന്നത് അവന്റെ നാമം ആണ് . ജീവിത കാലത്തു തന്റെ പ്രവർത്തികൾ കൊണ്ട് മറ്റു മനുഷ്യർക്ക് മാതൃകയായി തീർന്നാൽ അദേഹനത്തിന്റെ ഐഹികമായ ചിന്തയും വാക്കുകളും പെരുമാറ്റവും പേരിലേക്ക് സംക്രമിച്ചു വന്നു അതിനു നിത്യത നൽകും .

അതിജീവനം മറ്റേതു ജീവജാലങ്ങൾക്കുമുള്ളതു പോലെ മനുഷ്യനും ഉണ്ടായിരുന്നു. അവനതു പുരോഗതി എന്ന് പറഞ്ഞു അഹങ്കരിക്കുമ്പോൾ; മറുവശത്തു യഥാർത്ഥ ജീവിതത്തിന്റെ സമതന്തുലിതാവസ്ഥ അവൻ തന്നെ നശിപ്പിക്കുന്ന കാഴ്ചയും പ്രകൃതി കാണുന്നു

ചുരുക്കി പറഞ്ഞാൽ അവൻ ജീവിക്കുന്ന സമൂഹവും, കടന്നു വന്ന ചരിത്ര താളുകളും , സ്വത്വവും, ഒക്കെ ചേർന്ന മനുഷ്യകുലം എങ്ങനെ ജീവിക്കണമെന്നും, അവ അനന്തര തലമുറയ്ക്ക് എങ്ങനെ പ്രയോജനപ്പെടാമെന്നും ലളിതമായി ചൂണ്ടിക്കാട്ടുന്നു .

ധ്യാനനിരതനായൊരുവൻ കാണുന്നത് ചുറ്റുമുള്ള ലോകമല്ല. അതിനുമപ്പുറമുള്ള പരംപൊരുളിനെയാണ്. എല്ലാത്തിൽ നിന്നും അതീതമായി സർവോത്തമമായി കാണപ്പെടാവുന്ന ഒരു ലക്ഷ്യത്തെയോർത്തു അവൻ പ്രാർത്ഥിച്ചു :

അസതോ മാ സദ്ഗമയ
തമസോ മാ ജ്യോതിർഗമയ
മൃത്യോർ മാ അമൃതം ഗമയ

അസത്യത്തിൽ നിന്നും സത്യത്തിലേക്ക് നയിക്കാനും , ഇരുളിൽ നിന്നും വെളിച്ചത്തിലേയ്ക്കു നയിക്കാനും സർവോപരി മൃതുവിൽ നിന്നും നയിക്കപ്പെടാനും ഇടവരുത്തപ്പെടട്ടെ.

പ്രസാധകർ - ഗ്രീൻ ബുക്സ്
വില - Rs.140/-